LIBRARY ARCHIVES Kerala Legislative Assembly

വിദേശ നിയമങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കാൻ നടപടി

83 (1451) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുജനങ്ങൾക്ക് വിദേശ തൊഴിൽ നിയമങ്ങളെക്കുറിച്ച് അവബോധം കുറവായത് പലപ്പോഴും വിസ തട്ടിപ്പ്, അനധികൃത റിക്രൂട്ടിംഗ് എന്നിവയ്ക്ക് ഇടയാക്കുന്നുണ്ടെന്നത് പരിശോധിച്ചിട്ടുണ്ടോ ;

(ബി) വിദേശ രാജ്യങ്ങളിൽ തൊഴിൽ ചെയ്യാൻ ആഗ്രഹിക്കുന്ന മലയാളികളെ ഇത്തരത്തിൽ കബളിപ്പിക്കുന്നത് ഒഴിവാക്കുവാൻ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് ;

(സി) ഇത്തരത്തിലുള്ള തട്ടിപ്പുകൾ കണ്ടെത്തുന്നതിനും തട്ടിപ്പുകാരെ നിയമത്തിനുമുമ്പിൽ കൊണ്ടുവരുന്നതിനും എന്തെങ്കിലും പ്രത്യേക പരിശോധനാ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഇത്തരത്തിലുള്ള ഏജൻസികളെ കണ്ടെത്തുന്നതിനായി പ്രത്യേക പരിശോധനകൾ/അന്വേഷണങ്ങൾ ആഭ്യന്തര വകുപ്പുമായിചേർന്ന് സംഘടിപ്പിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിദേശ ജോലിക്ക് റിക്രൂട്ടിംഗ് നടത്തുന്ന സ്വകാര്യ ഏജൻസികൾ തൊഴിലന്വേഷകരെ കബളിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികൾ പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ്, പോലീസ് ആസ്ഥാനത്തെ എൻ.ആർ.ഐ. സെൽ, ജില്ലാ പോലീസ് മേധാവികൾ എന്നിവർ മുഖാന്തിരം അന്വേഷിച്ച് പ്രസ്തുത ഏജൻസികൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നുണ്ട്. വിസ തട്ടിപ്പിന് ഇരയാകാതിരിക്കുന്നതിന് പൊതുജനങ്ങളെ ബോധവത്കരിക്കുക എന്ന ഉദ്ദേശ്യത്തോടെ " Awareness Campaign on illegal recruitment & VISA Check" എന്ന ഒരു പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി വ്യാജ റിക്രൂട്ടിംഗിനെതിരെ ദൃശ്യ-ശ്രാവ്യ-അച്ചടി മാധ്യമങ്ങളിലൂടെ ആവശ്യമായ പ്രചാരണം നൽകിവരുന്നുണ്ട്. കൂടാതെ വിദേശത്ത് തൊഴിൽ തേടുന്നവർക്ക് ആവശ്യമായ അവബോധം സൃഷ്ടിക്കുന്നതിനായി പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം എന്ന ഒരു പദ്ധതിയും നിലവിലുണ്ട്.

(സി&ഡി) ആഭ്യന്തര വകുപ്പിന്റെകീഴിൽ പോലീസ് ആസ്ഥാനത്ത് എൻ. ആർ.ഐ. സെല്ലിൽ 24 മണിക്കൂർ പ്രവർത്തിക്കുന്ന ഒരു ഹെൽപ്‌ലൈൻ പ്രവർത്തിച്ചുവരുന്നതും വിവിധ ദൃശ്യ ശ്രാവണ മാധ്യമങ്ങളിലൂടെ നിരന്തരം ഇത്തരം തട്ടിപ്പുകളെക്കുറിച്ച് അറിയിപ്പുകൾ കൊടുത്തുവരുന്നതുമാണ്. റിക്രൂട്ടിംഗ് ഏജൻസികൾക്ക് എതിരെ ലഭിക്കുന്ന പരാതികൾ ആഭ്യന്തരവകുപ്പ് മുഖേന അന്വേഷിച്ച് കുറ്റക്കാരെന്ന് കണ്ടെത്തുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

ഗൾഫ് മേഖലയിൽനിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരികെ വരുന്നവരുടെ പുനരധിവാസം

84 (1452) ഡോ. എൻ. ജയരാജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) സ്വദേശവൽക്കരണവും ആഭ്യന്തര കലാപവും കാരണം ഗൾഫ് മേഖലയിൽനിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരികെ വന്നവരുടെ പുനരധിവാസത്തിന് 'നോർക്ക' വഴി നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാം ;

(ബി) പ്രസ്തുത പദ്ധതികളിലെ ഗുണഭോക്താക്കൾക്ക് ബാങ്കുകൾവഴി ധനസഹായം ലഭ്യമാക്കുന്നതിൽ നിലവിലുള്ള നിബന്ധനകൾ എന്തൊക്കെ : വ്യക്തമാക്കുമോ ;

(സി) 'നോർക്ക'വഴി ഈ നിബന്ധനകൾ ലഘൂകരിക്കുന്നതിന് മുൻകൈയെടുക്കുമോ ?

ഉത്തരം

(എ) മടങ്ങിവരുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനും അവർക്ക് നാട്ടിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പരമാവധി 20 ലക്ഷം രൂപവരെ മൂലധനച്ചെലവ് പ്രതീക്ഷിക്കുന്ന തൊഴിൽ സംരംഭങ്ങൾക്ക് 15% മൂലധന സബ്സിഡിയും ആദ്യത്തെ നാലുവർഷം 3% പലിശ ഇളവും അനുവദിക്കുന്നതാണ് പദ്ധതി. ഇതിനുപുറമേ ആഭ്യന്തരകലാപ ബാധിത

LIBRARY ARCHIVES Kerala Legislative Assembly